**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 318** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല സ്വർണ്ണ കവർച്ച</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം മന്ത്രിമാർ, ദേവസ്വം ബോർഡ് മുൻ അംഗങ്ങൾ, ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടുമാർ എന്നിവരെ പ്രത്യേക അന്വേഷണസംഘം ചോദ്യം ചെയ്തിട്ടുണ്ടോയെന്ന വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 2019 കാലഘട്ടത്തിലെ ദേവസ്വം വകുപ്പ് മന്ത്രിയെയും, 2019-ലെയും, 2024-25-ലെയും കാലയളവുകളിലെ ദേവസ്വം ബോർഡ് പ്രസിഡന്റുമാരെയും, മെമ്പർമാരെയും ചോദ്യം ചെയ്തിട്ടുണ്ട്.

**(ബി)** ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണ കവർച്ചയിൽ പ്രത്യക്ഷമായും പരോക്ഷമായും ഉത്തരവാദികളായവരെക്കുറിച്ച് പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ മറ്റേതെങ്കിലും ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ അന്വേഷണത്തിലിരിക്കുന്ന കേസ് ആകയാൽ കോടതിയുടെ തീരുമാനത്തിന് അനുസൃതമായിരിക്കും തുടർനടപടികൾ സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**